LIBRARY ARCHIVES Kerala Legislative Assembly

ജില്ലാ വനിതാ-ശിശുവികസന ഓഫീസർമാരെ ജില്ലാ സ്ത്രീധന നിരോധന ഓഫീസർമാരായും വനിതാ-ശിശുവികസന വകുപ്പ് ഡയറക്ടറെ ചീഫ് ഡൗറി പ്രൊഹിബിഷൻ ഓഫീസർ ആയും നിയോഗിച്ചിട്ടുണ്ട്. വിവാഹിതരാകുന്ന സർക്കാർ ജീവനക്കാർ സ്ത്രീധനം ആവശ്യപ്പെടുകയോ വാങ്ങുകയോ നൽകുകയോ ചെയ്തിട്ടില്ലെന്ന സത്യവാങ്മൂലം ബന്ധപ്പെട്ട വകുപ്പ് മേധാവിക്ക് Declaration Form സഹിതം സമർപ്പിക്കണമെന്ന് നിർദേശം നൽകിയിട്ടുണ്ട്. പ്രസ്തുത സത്യവാങ്മൂലം ലഭ്യമാക്കാത്ത സർക്കാർ വകുപ്പുകളുടെ വിവരം റിപ്പോർട്ട് ചെയ്യാൻ എല്ലാ ജില്ലാ സ്ത്രീധന നിരോധന ഓഫീസർമാർക്കും നിർദേശം നൽകിയിട്ടുണ്ട്.

സ്ത്രീധന നിരോധന നിയമം 1961 പ്രകാരംപോലീസ് രജിസ്റ്റർ ചെയ്ത കേസ്സുകൾ

93 (1455) ശ്രീ. എ. പി. അനിൽ കുമാർ: താഴെകാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് സ്ത്രീധന നിരോധന നിയമം 1961 പ്രകാരം, 2018, 2019, 2020 വർഷങ്ങളിൽ പോലീസ് രജിസ്റ്റർ ചെയ്ത കേസ്സുകളുടെ വിശദാംശം വർഷംതിരിച്ച് നൽകാമോ; ഇതിൽ എത്ര കേസ്സുകളിൽ ചാർജ് ഷീറ്റ് സമർപ്പിച്ചുവെന്നും എത്ര എണ്ണത്തിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടുവെന്നും വിശദമാക്കാമോ?

സംസ്ഥാനത്ത് സ്ത്രീധന നിരോധന നിയമം 1961 പ്രകാരം, 2018, 2019, 2020 വർഷങ്ങളിൽ പോലീസ് രജിസ്റ്റർ ചെയ്ത കേസ്സുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

യുവതിയെ പീഡിപ്പിച്ച കേസ്സ്

94 (1456) ഡോ. മാത്യു കുഴൽനാടൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം മറൈൻഡ്രൈവിലെ ഫ്ലാറ്റിൽ യുവതിയെ തടങ്കലിൽ പാർപ്പിച്ച് ക്രൂരമായി പീഡിപ്പിച്ച കേസ്സിൽ നടത്തിയ പോലീസ് അന്വേഷണത്തിൽ വീഴ്ചയുണ്ടായതായി വിലയിരുത്തിയിട്ടുണ്ടോ;

&

(ബി) എങ്കിൽ കുറ്റക്കാർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.